LIBRARY ARCHIVES Kerala Legislative Assembly

ശതമാനം ജീവനക്കാരും ജോലിഭാരം അധികമില്ലാത്ത സബ് സെന്ററുകളിലാണ് ജോലി നോക്കുന്നതെന്ന വസ്തുതയും കണക്കിലെടുത്താണ് ഓവർടൈം അലവൻസ് വർദ്ധിപ്പിച്ചു നൽകാത്തത്. ജോലിഭാരം അധികമില്ലാത്ത സബ് സെന്ററുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ജോലിഭാരം കൂടുതലുള്ള സമയങ്ങളിൽ ഹെഡ് ഓഫീസിൽ ചുരുങ്ങിയ കാലയളവിലേയ്ക്ക് പുനർവിന്യസിച്ച് സ്ഥാപനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്തവിധം ജോലികൾ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത ജീവനക്കാരുടെ ഇ.പി.എഫ്. വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സി-ആപ്റ്റിലെ ജീവനക്കാരുടെ നാളിതുവരെ വിതരണം ചെയ്ത ശമ്പളത്തിന്റെ ഇ.പി.എഫ്. വിഹിതം അടച്ചിട്ടുണ്ട്.

(സി) സി-ആപ്റ്റിലെ എത്ര ജീവനക്കാർ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ അൺഓതറൈസ്ഡ് ആബ്സന്റ് ആയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവർ ആരൊക്കെയെന്നും ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളെന്നും വ്യക്തമാക്കാമോ?

നിലവിൽ സി-ആപ്റ്റിലെ 68 ജീവനക്കാർ അൺഓതറൈസ്ഡ് ആബ്സന്റാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*. നിലവിൽ സർക്കാർ ജീവനക്കാരുടെ പരമാവധി ശൂന്യവേതനാവധി 5 വർഷമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. സി-ആപ്റ്റിലെ ജീവനക്കാർക്കും ടി ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സെന്ററിലെ അൺഓതറൈസ്ഡ് ആബ്സന്റ് ആയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ചുവരുന്നു.

എഞ്ചിനീയറിംഗ് പഠനം മാതൃഭാഷയിൽ

118(2838) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാതൃഭാഷയിലും എഞ്ചിനീയറിംഗ് പഠനമാകാമെന്ന ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിർദ്ദേശം സംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിലും പഠനമാകാമെന്ന അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിലാക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ (SBTE) മുഖേന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇതിലേയ്ക്കായി ഭാഷാ വിദഗ്ധരെയും ശാസ്ത്ര സാങ്കേതിക പണ്ഡിതന്മാരേയും ഉൾപ്പെടുത്തി ഒരു കമ്മീഷനെ നിയോഗിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കണമെന്നുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ബിരുദതലം മുതലുള്ള എഞ്ചിനീയറിംഗ് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലാതലത്തിൽ സർക്കാർ കൈക്കൊള്ളുന്നതാണ്.

മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

119(2839) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ ഏതൊക്കെ കോഴ്സുകളിലായി എത്ര കുട്ടികൾ വീതം പഠിക്കുന്നു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര തസ്തികകളാണ് ഉള്ളതെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

മട്ടന്നൂർ സർക്കാർ പോളിടെക്നിക് കോളേജിൽ നിലവിലുള്ള കോഴ്സുകളുടെയും ടി കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെയും തസ്തികകളുടേയും വിവരങ്ങൾ അനുബന്ധം ഒന്നും രണ്ടും ആയി ചേർത്തിരിക്കുന്നു.* 12-7-2021- ലെ സ.ഉ. (കൈ) നമ്പർ 297/21/ഉവിവ പ്രകാരം ഒരു ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തിക പുതുതായി സൃഷ്ടിക്കുകയും മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് എന്നീ ലക്ചറർ തസ്തികകളിൽ ഓരോ എണ്ണം വീതം ടി സ്ഥാപനത്തിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തു. അതോടൊപ്പം മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെട്ട ലക്ചറർ (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്) തസ്തിക ടി സ്ഥാപനത്തിൽനിന്നും പയ്യന്നൂർ റസിഡൻഷ്യൽ വനിതാ പോളിടെക്നിക്ക് കോളേജിലേയ്ക്ക് പുനർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഏതൊക്കെ കോഴ്സുകളാണ് പുതിയതായി ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനാവശ്യമായ തസ്തികകൾ ഏതൊക്കെയാണ്; ഇവ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.